പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 25

# 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 25

# 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

1162/2016.

# 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1980-ലെ അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ (1980-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 2-ാം വകുപ്പിൽ,—

(i) (എ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എ) "യഥാർത്ഥ പ്രാക്റ്റീസ്" എന്നാൽ ഒരു സീനിയർ അഭിഭാഷക നല്ലാതെയുള്ള, ഒരു അഭിഭാഷകവൃത്തി നടത്തുന്നതും 27-ാം വകുപ്പിന് കീഴിൽ ബാർ കൗൺസിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കനുസൃതമായി അത് പ്രസിദ്ധീകരിക്കുകയും വച്ചുപോരുകയും ചെയ്യുന്ന പ്രാക്റ്റീസ് ചെയ്യുന്ന അഭിഭാഷകരുടെ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തപ്പെട്ടതുമായ ഒരു അഭിഭാഷകൻ പ്രതിവർഷം കുറഞ്ഞത് അഞ്ച് വക്കാലത്തുകൾ ഫയൽ ചെയ്യുന്നതും എന്നർത്ഥമാകുന്നു.";

(ii) (എഎ) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ട താണ്, അതായത്:—

"(എബി) "അഭിഭാഷക അക്കാദമി" എന്നാൽ ജനങ്ങൾക്ക് കാര്യക്ഷമമായ നിയമ സേവനം നൽകുന്നതിന് അഭിഭാഷകരെ പ്രാപ്തരാക്കുന്നതിന് വേണ്ടി അവർക്ക് പരിശീലനം നൽകുന്നതിനായി ബാർ കൗൺസിൽ രൂപീകരിച്ച അക്കാദമി എന്നർത്ഥ മാകുന്നു;";

(iii) (ജി) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ട താണ്, അതായത്:—

"(ജിഎ) "പ്രാക്റ്റീസ് ചെയ്യാത്ത അഭിഭാഷകൻ" എന്നാൽ യഥാർത്ഥ പ്രാക്റ്റീസ് ചെയ്യാത്ത അഭിഭാഷകൻ എന്നർത്ഥമാകുന്നു;";

"(ജിബി) "പ്രാക്റ്റീസ് ചെയ്യുന്ന അഭിഭാഷകൻ" എന്നാൽ യഥാർത്ഥ പ്രാക്റ്റീസ് ചെയ്യുന്ന അഭിഭാഷകൻ എന്നർത്ഥമാകുന്നു;";

3. <u>9-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 9-ാം വകുപ്പ്, (2)-ാം ഉപവകുപ്പ്, (ജിജി) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജിഎച്ച്) അഭിഭാഷക അക്കാദമിക്ക് സഹായം നൽകുക".

4. <u>15-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) സംസ്ഥാനത്തിലെ ഏതെങ്കിലും കോടതിയിൽ പ്രാക്റ്റീസ് ചെയ്യുന്ന ഏതൊരു അഭിഭാഷകനും ഫണ്ടിലെ അംഗമായി പ്രവേശനം ലഭിക്കുന്നതിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ ട്രസ്റ്റി കമ്മിറ്റിക്ക് അപേക്ഷ നൽകാവുന്നതാണ്.";

(ബി) (1 എ) ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1 എ) ഒരു സേവനത്തിൽ നിന്നും വിരമിച്ചശേഷം അഭിഭാഷകനായി എൻറോൾ ചെയ്തിട്ടുള്ള യാതൊരാളെയും അയാൾ അപ്രകാരമുള്ള സേവനത്തിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുവാൻ അർഹനായിരിക്കുകയോ, കൈപ്പറ്റുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഫണ്ടിലെ ഒരു അംഗമായി ചേർക്കുന്നതല്ല:

എന്നാൽ അഞ്ചുവർഷത്തിൽ അധികരിക്കാത്ത കാലയളവിൽ സേവനത്തിലുണ്ടായിരുന്നതോ അല്ലെങ്കിൽ വിരമിക്കൽ ആനുകൂല്യങ്ങളോ പെൻഷനോ പ്രതിമാസം അയ്യായിരം രൂപയിൽ കൂടുതലല്ലാതെ ലഭിക്കുകയോ ചെയ്യുന്ന ഒരാൾക്ക് ഈ ഉപവകുപ്പ് ബാധകമായിരിക്കുന്നതല്ല.";

(സി) (1 ബി) ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1 സി) ബാർ കൗൺസിൽ പ്രസിദ്ധീകരിക്കുകയും വെച്ചുപോരുകയും ചെയ്യുന്ന പ്രാക്റ്റീസ് ചെയ്യുന്ന അഭിഭാഷകരുടെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഫണ്ടിലെ ഒരു അംഗത്തിന് ഫണ്ടിലെ അംഗമായി തുടരാൻ അർഹത ഇല്ലാത്തതും ബാർ കൗൺസിൽ സൂക്ഷിക്കുന്ന പ്രാക്റ്റീസ് ചെയ്യാത്ത അഭിഭാഷകരുടെ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള അപ്രകാരമുള്ള അഭിഭാഷകനെ അപ്രകാരമുള്ള കാലയളവിൽ, ഫണ്ടിൽ നിന്ന് സസ്പെന്റ് ചെയ്തതായി കരുതപ്പെടേണ്ടതുമാണ്.

(1 ഡി) ബാർ കൗൺസിൽ പ്രസിദ്ധീകരിക്കുകയും വെച്ചുപോരുകയും ചെയ്യുന്ന പ്രാക്റ്റീസ് ചെയ്യാത്ത അഭിഭാഷകരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഒരു അഭിഭാഷകന്, അയാളുടെ പേര് ബാർ കൗൺസിൽ സൂക്ഷിച്ചുപോരുന്ന പ്രാക്റ്റീസ് ചെയ്യുന്ന അഭിഭാഷകരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൻമേൽ ഫണ്ടിലെ അംഗമായി തുടരുന്നതിന് അർഹതയുണ്ടായിരിക്കുന്നതും ഫണ്ടിലെ അംഗത്വം തുടരുന്നതിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.";

(ഡി) (5)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) ഓരോ അംഗവും ഫണ്ടിലേക്കുള്ള വാർഷിക വരിസംഖ്യ താഴെപ്പറയുന്ന നിരക്കുകളിൽ എല്ലാ വർഷവും ജൂൺ 30-ാം തീയതിയിലോ അതിനു മുൻപോ നൽകേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| (i) | അഭിഭാഷകന്റെ ബാറിലെ സേവനകാലം അഞ്ചുവർഷത്തിൽ കുറവാണെങ്കിൽ | .. അഞ്ഞൂറ് രൂപ |
| (ii) | അഭിഭാഷകന്റെ ബാറിലെ സേവനകാലം അഞ്ചുവർഷവും അതിലധികവും എന്നാൽ പത്തുവർഷത്തിൽ കുറവും ആണെങ്കിൽ | .. ആയിരം രൂപ |
| (iii) | അഭിഭാഷകന്റെ ബാറിലെ സേവനകാലം പത്തുവർഷവും അതിലധികവും എന്നാൽ പതിനഞ്ചുവർഷത്തിൽ കുറവും ആണെങ്കിൽ | .. രണ്ടായിരം രൂപ |
| (iv) | അഭിഭാഷകന്റെ ബാറിലെ സേവനകാലം പതിനഞ്ചുവർഷവും അതിലധികവും എന്നാൽ ഇരുപത്ത് വർഷത്തിൽ കുറവും ആണെങ്കിൽ | .. രണ്ടായിരത്തി അഞ്ഞൂറ് രൂപ |
| (v) | അഭിഭാഷകന്റെ ബാറിലെ സേവനകാലം ഇരുപത് വർഷവും അതിലധികവും എന്നാൽ ഇരുപത്തിയഞ്ച് വർഷത്തിൽ കുറവും ആണെങ്കിൽ | .. മൂവായിരം രൂപ |
| (vi) | അഭിഭാഷകന്റെ ബാറിലെ സേവനകാലം ഇരുപത്തിയഞ്ച് വർഷവും അതിലധികവും എന്നാൽ മുപ്പത് വർഷത്തിൽ കുറവും ആണെങ്കിൽ | .. മൂവായിരത്തി അഞ്ഞൂറ് രൂപ |
| (vii) | അഭിഭാഷകന്റെ ബാറിലെ സേവനകാലം മുപ്പത് വർഷവും അതിലധികവും ആണെങ്കിൽ | .. നാലായിരം രൂപ |

എന്നാൽ 1961-ലെ അഭിഭാഷക ആക്റ്റ് (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) പ്രകാരം, സീനിയർ അഭിഭാഷകനായി പദവി നൽകപ്പെട്ടിട്ടുള്ള ഒരു അഭിഭാഷകൻ, ആറായിരം രൂപ നിരക്കിൽ വാർഷിക വരിസംഖ്യ നൽകേണ്ടതാണ്.";

(ഇ) (13)-ാം ഉപവകുപ്പിന് പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(13) സ്വമേധയാ ഫണ്ടിലെ തന്റെ അംഗത്വം സസ്പെന്റ് ചെയ്യുന്ന ഒരംഗത്തിന്, ബാർ കൗൺസിൽ അനുവദിച്ച പ്രകാരം ഒരു അഭിഭാഷകനായി തന്റെ പ്രാക്ടീസ് പുനരാരംഭിക്കുമ്പോൾ, പുനരാരംഭിക്കൽ ചാർജ്ജായി രണ്ടായിരം രൂപ നൽകുന്നതിന്മേൽ ഫണ്ടിലെ അയാളുടെ അംഗത്വം പുനരാരംഭിക്കുന്നതും പുനരാരംഭ തീയതി അയാളുടെ അംഗത്വ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്.".

5. 16-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ "പതിനാലായിരത്തി ഇരുന്നൂറ്റി എൺപത്തിയഞ്ച് രൂപ", "അഞ്ച് ലക്ഷം രൂപ" എന്നീ വാക്കുകൾക്ക് പകരം "ഇരുപത്തി അയ്യായിരം രൂപ", "പത്ത് ലക്ഷം രൂപ" എന്നീ വാക്കുകൾ യഥാക്രമം ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ "അഞ്ച് ലക്ഷം രൂപ" എന്ന വാക്കുകൾക്ക് പകരം "പത്ത് ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

6. 18-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിൽ, (ബി) ഖണ്ഡത്തിൽ "ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും വേണ്ട സൗകര്യങ്ങൾക്കും ആയി പരമാവധി അയ്യായിരം രൂപ വ്യവസ്ഥ ചെയ്യുകയും" എന്ന വാക്കുകൾക്ക് ശേഷം "ഫണ്ടിലെ അംഗങ്ങളുടെ സംഗതിയിൽ മേജർ ശസ്ത്രക്രിയ ഉൾപ്പെടുന്ന, ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന സംഗതിയിലോ കാൻസർ ചികിത്സയ്ക്കും മറ്റ് ഗുരുതരരോഗങ്ങൾക്കും വേണ്ടിയോ, മൂന്ന് വർഷകാലയളവിലേക്ക് ഒരു ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 23-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 23ാം വകുപ്പിൽ (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഒരു അഭിഭാഷകൻ ഫയൽ ചെയ്യുന്ന ഓരോ വക്കാലത്തിലും അതിൻമേൽ പതിച്ചിട്ടുള്ള കോർട്ട് ഫീസ് സ്റ്റാമ്പിന് പുറമെ, ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുന്ന വക്കാലത്തിന്റെ സംഗതിയിൽ അൻപത് രൂപ മൂല്യമുള്ളതും കീഴ്ക്കോടതികളുടെയും, ട്രിബ്യൂണലുകളുടെയും മറ്റ് അധികാര സ്ഥാനങ്ങളുടെയും മുമ്പാകെ ഫയൽ ചെയ്യുന്ന വക്കാലത്തിന്റെ സംഗതിയിൽ ഇരുപത്തിയഞ്ച് രൂപ മൂല്യമുള്ളതുമായ ക്ഷേമനിധി സ്റ്റാമ്പ് പതിച്ചിരിക്കേണ്ടതുമാണ്. അപ്രകാരം സ്റ്റാമ്പ് പതിച്ചിട്ടില്ലാത്ത യാതൊരു വക്കാലത്തും സാധുവായിരിക്കുന്നതല്ലാത്തതുമാകുന്നു".

1162/2016.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പതിനഞ്ചുവർഷക്കാലത്തെ തുടർച്ചയായി അംഗത്വം പൂർത്തിയാക്കിയ അംഗത്തിന് അഭിഭാഷക ക്ഷേമനിധിയിൽ നിന്നും ലഭിക്കുവാൻ അർഹമായ പരമാവധി തുക 5 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി വർദ്ധിപ്പിക്കുന്നതിനും, കൂടാതെ അപ്രകാരമുള്ള അംഗങ്ങൾക്ക് സേവനം പൂർത്തിയാക്കുന്ന ഓരോ വർഷവും നൽകേണ്ട തുക 14,285 രൂപയിൽ നിന്നും 25,000 രൂപയായി വർദ്ധിപ്പിക്കുവാനും സർക്കാർ തീരുമാനിക്കുകയുണ്ടായി. മറ്റു സർവ്വീസുകളിലെ സേവനകാലം 5 വർഷത്തിൽ അധികരിക്കുകയില്ലെങ്കിലോ പ്രതിമാസ വിരമിക്കൽ ആനുകൂല്യങ്ങളോ പെൻഷനോ അയ്യായിരം രൂപയിൽ കവിയുകയില്ലെങ്കിലോ മറ്റു സർവ്വീസിൽ നിന്ന് വിരമിച്ചതിനുശേഷം അഭിഭാഷകരായി എൻറോൾ ചെയ്യുന്ന ആളുകളെ ഫണ്ടിൽ ചേർക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ഹൈക്കോടതി, സബോർഡിനേറ്റ് കോടതികൾ, ട്രിബ്യൂണലുകൾ, മറ്റ് അധികാരസ്ഥാനങ്ങൾ എന്നിവ മുമ്പാകെ ഫയൽ ചെയ്യുന്ന വക്കാലത്തുകളിൽ പതിപ്പിക്കുന്ന ക്ഷേമനിധി സ്റ്റാമ്പുകളുടെ മൂല്യം വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചു. മേജർ ശസ്ത്രകിയ ഉൾപ്പെടുന്ന, ആശുപത്രിയിൽ കിടത്തി ചികൽസിക്കുന്ന സംഗതിയിലോ ക്യാൻസർ ചികിത്സക്കോ ധനസഹായം നൽകുന്നതിനും, അഭിഭാഷക ക്ഷേമനിധിയിൽ നിന്നും അഭിഭാഷക അക്കാദമിക്ക് ധനസഹായം നൽകുന്നതിനും ഫണ്ടിലെ അംഗങ്ങളുടെ വാർഷിക വരിസംഖ്യ വർദ്ധിപ്പിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് (1980-ലെ 21) ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല. എന്നാൽ, ബില്ലിലെ 3-ാം ഖണ്ഡം മുഖേന ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ 9-ാം വകുപ്പിലെ വ്യവസ്ഥ പ്രകാരം അഭിഭാഷക അക്കാദമിക്ക് സഹായം നൽകുന്നതിനും ബില്ലിലെ 5-ാം ഖണ്ഡം മുഖേന ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന ആക്റ്റിലെ 16-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ഫണ്ടിലെ ഒരംഗത്തിന് ലഭിക്കാൻ അർഹതയുള്ള തുക വർദ്ധിപ്പിക്കുന്നതിനും ബില്ലിലെ 6-ാം ഖണ്ഡം മുഖേന ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന ആക്റ്റിലെ 18-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്ക് അംഗങ്ങൾക്ക് ധനസഹായം വ്യവസ്ഥ ചെയ്യുന്നതിനും കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും ചെലവുണ്ടാകാവുന്നതാണ്. പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് ഈ ഘട്ടത്തിൽ നിർണ്ണയിക്കുവാൻ സാധ്യമല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം ഒരു പുതിയ ഉപവകുപ്പ് ചേർക്കുവാൻ ഉദ്ദേശിക്കുന്ന ബില്ലിലെ 4-ാം ഖണ്ഡം (എ) ഇനം, ഫണ്ടിൽ അംഗത്വം ലഭിക്കുന്നതിന് ട്രസ്റ്റി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാനുള്ള ഫാറം നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കേണ്ടത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കേണ്ടത് അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവുമായ സ്വഭാവത്തോട് കൂടിയതുമാകുന്നു. കൂടാതെ, ചട്ടങ്ങൾ അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം ഒരു സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എ. കെ. ബാലൻ

(ശരിത്തർജ്ജമ)

## 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി (1980-ലെ 21) ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "യഥാർത്ഥ പ്രാക്ടീസ്" എന്നാൽ ഒരു അഭിഭാഷകന്റെ വൃത്തി നടത്തുന്നതും 1961-ലെ അഭിഭാഷക ആക്റ്റിൽ (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) സീനിയർ അഭിഭാഷകർ ഒഴികെയുള്ള അഭിഭാഷകരുടെ സംഗതിയിൽ ഏറ്റവും കുറഞ്ഞത് അഞ്ച് വക്കാലത്തുകളെങ്കിലും പ്രതിവർഷം ഫയൽ ചെയ്തിട്ടുള്ളതും എന്നർത്ഥമാകുന്നു;

(എഎ) "അഭിഭാഷകൻ" എന്നാൽ 1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റ് (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) 17-ാം വകുപ്പുപ്രകാരം കേരള ബാർ കൗൺസിൽ തയ്യാറാക്കിയതും വച്ചുപോരുന്നതുമായ അഭിഭാഷകരുടെ സംസ്ഥാന പട്ടികയിൽ പേര് ചേർത്തിട്ടുള്ളതും ഒരു ബാർ അസോസിയേഷനിലെ അംഗവുമായ ആൾ എന്ന് അർത്ഥമാകുന്നു.

** ** ** **

(ജി) "ഫണ്ടിലെ അംഗം" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഫണ്ടിന്റെ ആനുകൂല്യങ്ങൾ അനുവദിക്കുകയും അംഗമായി തുടർന്നുപോരുകയും ചെയ്യുന്ന ഒരു അഭിഭാഷകൻ എന്ന് അർത്ഥമാകുന്നു.

** ** ** **

9. ട്രസ്റ്റി കമ്മിറ്റിയുടെ ചുമതലകൾ.—(1) ട്രസ്റ്റി കമ്മിറ്റി ഫണ്ട് കൈകാര്യം ചെയ്യേണ്ടതാണ്.

(2) ഫണ്ടിന്റെ നടത്തിപ്പിൽ ട്രസ്റ്റി കമ്മിറ്റി ഈ ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി,—

(എ) ട്രസ്റ്റിൽ ഫണ്ടിനവകാശപ്പെട്ട തുകകളും ആസ്തിയും കൈവശം വയ്ക്കുകയും:

** ** ** **

(ജിജി) ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കുന്നതിൻമേൽ, നിധിയിലെ അംഗങ്ങൾക്ക് ഫോട്ടോ പതിച്ച പാസ്ബുക്ക് വിതരണം ചെയ്യുകയും;

** ** ** **

15. ഫണ്ടിലെ അംഗത്വം.—(1) സംസ്ഥാനത്തെ ഏതെങ്കിലും കോടതിയിൽ പ്രാക്റ്റീസ് ചെയ്യുന്നതും ബാർ കൗൺസിൽ അംഗീകരിച്ച ഒരു ബാർ അസ്സോസിയേഷനിലെ അംഗവുമായ ഏതൊരഭിഭാഷകനും ഫണ്ടിലെ അംഗത്വത്തിനുള്ള പ്രവേശനത്തിന് ട്രസ്റ്റി കമ്മിറ്റിക്ക് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ അപേക്ഷിക്കാവുന്നതാണ്.

(1എ) ഒരു അഭിഭാഷകൻ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ഉള്ള സ്ഥാപനത്തിലെ തന്റെ സേവനകാലത്തേക്ക് ഏതെങ്കിലും തരത്തിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുവാൻ അർഹനായിരിക്കുകയോ കൈപ്പറ്റിയിട്ടുണ്ടെങ്കിലോ നിധിയിൽ അംഗമാക്കുന്നതല്ലാത്തതും അല്ലെങ്കിൽ അംഗത്വം പുനഃസ്ഥാപിക്കാൻ അനുവദിക്കുന്നതല്ലാത്തതുമാണ്;

(1ബി) നിധിയിൽനിന്നും വിരമിക്കൽ ആനുകൂല്യം കൈപ്പറ്റിയ ഒരാളെ നിധിയിലെ അംഗമായി വീണ്ടും ചേർക്കുവാൻ പാടുള്ളതല്ല.

** ** ** **

(5) ഓരോ അംഗവും നിധിയിലേക്കുള്ള വാർഷിക വരിസംഖ്യ ഇനിപറയുന്ന നിരക്കുകളിൽ എല്ലാ വർഷവും ജൂൺ 30-ാം തീയതിയിലോ അതിനു മുൻപോ നൽകേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| (i) | അഭിഭാഷകന്റെ ബാറിലെ സേവനകാലം അഞ്ചുവർഷത്തിൽ കുറവാണെങ്കിൽ | .. മുന്നൂറു രൂപ |
| (ii) | അഭിഭാഷകന്റെ ബാറിലെ സേവനകാലം അഞ്ചുവർഷവും അതിലധികമോ എന്നാൽ പത്തുവർഷത്തിൽ കുറവോ ആണെങ്കിൽ | .. എഴുന്നൂറ്റി അൻപത് രൂപ |

(iii) അഭിഭാഷകന്റെ ബാറിലെ സേവനകാലം പത്തുവർഷവും അതിലധികമോ എന്നാൽ പതിനഞ്ചുവർഷത്തിൽ കുറവോ ആണെങ്കിൽ .. ആയിരത്തി അഞ്ഞൂറ് രൂപ

(iv) അഭിഭാഷകന്റെ ബാറിലെ സേവനകാലം പതിനഞ്ചുവർഷവും അതിലധികമോ എന്നാൽ ഇരുപതു വർഷത്തിൽ കുറവോ ആണെങ്കിൽ .. രണ്ടായിരം രൂപ

(v) അഭിഭാഷകന്റെ ബാറിലെ സേവനകാലം ഇരുപതു വർഷവും അതിലധികമോ എന്നാൽ ഇരുപത്തിയഞ്ചുവർഷത്തിൽ കുറവോ ആണെങ്കിൽ .. രണ്ടായിരത്തി അഞ്ഞൂറ് രൂപ

(vi) അഭിഭാഷകന്റെ ബാറിലെ സേവനകാലം ഇരുപത്തിയഞ്ചുവർഷവും അതിലധികവും ആണെങ്കിൽ .. മൂവായിരം രൂപ

എന്നാൽ 1961-ലെ അഭിഭാഷക ആക്റ്റ് (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) പ്രകാരം, സീനിയർ അഭിഭാഷകനായി പദവി നൽകപ്പെട്ടിട്ടുള്ള ഒരു അഭിഭാഷകൻ അയ്യായിരം രൂപ നിരക്കിൽ വാർഷിക വരിസംഖ്യ നൽകേണ്ടതാണ്.

(13) സ്വേച്ഛയാൽ തന്റെ അംഗത്വം സസ്പെൻഡ് ചെയ്യുകയും ബാർ കൗൺസിൽ മുൻപാകെ ഒരു അഭിഭാഷകനായി തന്റെ പ്രാക്ടീസ് പുനരാരംഭിക്കുകയും ചെയ്തിട്ടുള്ള ഒരംഗം, കേന്ദ്രസർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ഉള്ള സ്ഥാപനത്തിലെ തന്റെ സേവന കാലത്തേക്ക് ഏതെങ്കിലും തരത്തിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റാൻ അർഹനല്ലാതിരിക്കുകയോ കൈപ്പറ്റിയിട്ടില്ലാതിരിക്കുകയോ ചെയ്യുന്നപക്ഷം പുനരാരംഭിക്കൽ ചാർജ്ജായി രണ്ടായിരം രൂപ നൽകുന്നതിന്മേൽ അയാൾക്ക് നിധിയിലെ തന്റെ അംഗത്വം വീണ്ടെടുക്കാവുന്നതാണ്.

** ** ** **

16. <u>പ്രാക്ടീസ് നിർത്തലാക്കുമ്പോൾ ഫണ്ടിൽ നിന്ന് പണം കൊടുക്കൽ.</u>—(1) നിധിയിൽ പതിനഞ്ച് വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുമ്പോൾ നിധിയിലെ ഒരംഗത്തിന് യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും പതിനാലായിരത്തി ഇരുനൂറ്റി എൺപത്തിയഞ്ച് രൂപ എന്ന നിരക്കിൽ പരമാവധി മൊത്തം തുക അഞ്ച് ലക്ഷം രൂപയ്ക്ക് വിധേയമായി നിധിയിൽനിന്നും കൈപ്പറ്റുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ ശാശ്വതമായ കഴിവില്ലായ്മമൂലം പ്രാക്ടീസ് നിർത്തുന്നതൊഴികെ, നിധിയിൽ പതിനഞ്ച് വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കുന്നതിനുമുമ്പ് വിരമിക്കൽ ആനുകൂല്യങ്ങൾ തെരഞ്ഞെടുക്കുന്ന ഒരംഗത്തിന് അയാൾ അടച്ച മൊത്തം വരിസംഖ്യയും അതിന്റെ ആറ് ശതമാനം നിരക്കിൽ പലിശയും സഹിതം കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നുമാത്രമല്ല അൻപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ്, ശാശ്വതമായ കഴിവില്ലായ്മമൂലം പ്രാക്ടീസ് നിർത്തലാക്കൽ തെരഞ്ഞെടുക്കുന്ന ഒരംഗത്തിന് മൊത്തത്തിൽ ഒരു ലക്ഷം രൂപ അല്ലെങ്കിൽ (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ ഉള്ള തുക, ഇതിൽ ഏതാണോ കൂടുതൽ അത്, നിധിയിൽനിന്നും കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(2) യഥാർത്ഥ പ്രാക്ടീസ് തുടരുന്ന സമയത്ത് ഒരംഗം മരണപ്പെടുന്ന സംഗതിയിൽ, അയാൾ നാമനിർദ്ദേശം ചെയ്യുന്ന ആളിനോ അപ്രകാരം നാമനിർദ്ദേശം ചെയ്ത ആൾ ഇല്ലായെങ്കിൽ അയാളുടെ നിയമാനുസൃതമായ അവകാശികൾക്കോ, അതതു സംഗതിപോലെ, മൂന്നു ലക്ഷം രൂപ അല്ലെങ്കിൽ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ പരമാവധി മൊത്തം അഞ്ച് ലക്ഷം രൂപ ഇതിൽ ഏതാണോ കൂടുതൽ അത്, നിധിയിൽനിന്നും കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

** ** ** **

18. അംഗങ്ങൾക്കുള്ള ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസും മറ്റു ആനുകൂല്യങ്ങളും.—ഫണ്ടിലെ അംഗങ്ങളുടെ ക്ഷേമത്തിനായി ബാർ കൗൺസിലിന്,—

(എ) ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നും ഫണ്ടിലെ അംഗങ്ങൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസികൾ എടുക്കുകയും;

(ബി) ഫണ്ടിലെ അംഗങ്ങൾക്കും അവരുടെ ആശ്രിതർക്കും ചികിത്സയ്ക്കും വിദ്യാഭ്യാസ സൗകര്യങ്ങൾക്കും ആയി പരമാവധി അയ്യായിരം രൂപ വ്യവസ്ഥ ചെയ്യുകയും;

** ** ** **

23. വക്കാലത്തിൽ സ്റ്റാമ്പുകൾ ഉണ്ടായിരിക്കണമെന്ന്.—(1)ഫണ്ടിലെ ഒരംഗമായ അഭിഭാഷകൻ ഫയൽ ചെയ്യുന്ന ഓരോ വക്കാലത്തിലും അതിൽ ഒട്ടിച്ചിട്ടുള്ള കോർട്ട് ഫീസ് സ്റ്റാമ്പിന് പുറമെ, ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്യുന്ന വക്കാലത്തിന്റെ സംഗതിയിൽ പതിനഞ്ചു രൂപ മൂല്യമുള്ളതും കീഴ്ക്കോടതികളുടെയോ, ട്രിബ്യൂണലുകളുടേയോ, മറ്റ് അധികാരസ്ഥാനങ്ങളുടെയോ മുൻപാകെ ഫയൽ ചെയ്യുന്ന വക്കാലത്തിന്റെ സംഗതിയിൽ പത്ത് രൂപ മൂല്യമുള്ളതുമായ ക്ഷേമനിധി സ്റ്റാമ്പ് ഒട്ടിച്ചിരിക്കേണ്ടതും അപ്രകാരം സ്റ്റാമ്പ് ഒട്ടിച്ചിട്ടില്ലാത്ത യാതൊരു വക്കാലത്തും സാധുവായിരിക്കുന്നതല്ലാത്തതുമാകുന്നു:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും സർക്കാരിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകൻ ഫയൽ ചെയ്യുന്ന ഹാജരാകുന്നതിനുള്ള മെമ്മോറാണ്ടത്തെ സംബന്ധിച്ച് ബാധകമാകുന്നതല്ല.

എന്നിരുന്നാലും യാതൊരു കോടതിയോ ട്രിബ്യൂണലോ മറ്റ് അധികാരസ്ഥാനമോ ഒരു അഭിഭാഷകൻ ഫയൽ ചെയ്യുന്ന ഏതെങ്കിലും വക്കാലത്തിൽ അപ്രകാരം സ്റ്റാമ്പ് ഒട്ടിച്ചിട്ടില്ലെങ്കിൽ സ്വീകരിക്കാൻ പാടില്ലാത്തതും, ഏതെങ്കിലും ആൾ നിധിക്ക് നഷ്ടം വരുത്തുന്നതിന് ഉത്തരവാദിയാണെന്ന് കാണുകയാണെങ്കിൽ അയാളെ അങ്ങനെയുള്ള നഷ്ടം നികത്തുന്നതിന് ബാദ്ധ്യസ്ഥനാക്കപ്പെടുന്നതുമാണ്.

വിശദീകരണം.—ഒരു വക്കാലത്തുമൂലം മൂന്നോ അതിലധികമോ അഭിഭാഷകർ കൂട്ടായി ഹാജരാകുകയാണെങ്കിൽ അതിൻമേൽ ഒട്ടിക്കാവുന്ന സ്റ്റാമ്പുകളുടെ ഏറ്റവും കൂടിയ എണ്ണം മൂന്ന് ആയിരിക്കുന്നതാണ്.

** ** ** **